ഉത്തരം

(എ) ഉണ്ട്

(ബി) സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് ഏകദേശം 37 ലക്ഷം രൂപ ചെലവ് വരുന്ന എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. വെമ്പായം ഗ്രാമപഞ്ചായത്തുവക 10 സെന്റ് സ്ഥലം കെ.എസ്.ഇ.ബി. ലിമിറ്റഡിന് പാട്ടക്കരാർ വ്യവസ്ഥയിൽ നൽകുന്നതിനുള്ള അനുമതിക്കായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വിഷയത്തിൽ അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

(സി) ടി സ്ഥലം അനുവദിച്ചു തരുന്ന മുറയ്ക്ക് കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി പുതിയ കെട്ടിടത്തിലേക്ക് ഓഫീസ് മാറ്റി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

സി.എഫ്.എൽ. ലാമ്പ്മൂലമുള്ള നേത്ര രോഗങ്ങൾ

11 (4002) ശ്രീ. ഇ. കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി.എഫ്.എൽ. ലാമ്പുകളുടെ പ്രകാശം മാരകമായ നേത്ര രോഗങ്ങൾക്ക് കാരണമാവുന്നതുമായി ബന്ധപ്പെട്ട് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കാമോ ;

(സി) ഇല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട് പഠനങ്ങൾ നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഇതുമായി ബന്ധപ്പെട്ട പഠനങ്ങൾ ഇപ്പോൾ പരിഗണനയിലില്ല.

കെ.എസ്.ഇ.ബി. യെ കമ്പനിയാക്കുന്ന നടപടികൾ

12 (4003) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്ഇ.ബി.-യെ കമ്പനിയാക്കുന്ന നടപടികൾ പൂർത്തിയായിട്ടുണ്ടോ ; ഇല്ലായെങ്കിൽ ഇത് ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly